ഉത്തരം

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഹഡ്കോയുടെ സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന മൂന്നാംഘട്ടം. ഭവന നിർമ്മാണപദ്ധതി പ്രകാരം അഞ്ചുതെങ്ങിലെ $\frac{3}{4}$ സെൻറ് സ്ഥലമുള്ള മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണ വായ്പക്ക് അപേക്ഷിക്കാവുന്നതാണ്.

(ബി) ഇല്ല.

(സി) പൂട്ടിക്കിടക്കുന്ന ഐസ് പ്ലാൻറുകൾ തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

മത്സ്യത്തൊഴിലാളി ഗ്രാമതല സംഘങ്ങളിലേക്ക് തെരഞ്ഞെടുപ്പ്

367 [399] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, ടി. കെ. അബ്ദു:
,, വി. ജെ. തങ്കപ്പൻ:
ശ്രീമതി. പി. ദേവൂട്ടി:
ശ്രീ. വി. കേശവൻ;

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ഗ്രാമതല സംഘങ്ങളിലേക്ക് തെരഞ്ഞെടുപ്പു നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്ന് നടത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉറപ്പ് മത്സ്യത്തൊഴിലാളി ഫെഡറേഷനുകളുടെ സംയുക്ത സമരസമിതിക്ക് കൊടുത്തിരുന്നുവോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനാവശ്യമായ പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. നടപടികൾ പൂർത്തിയാകുന്നതോടെ തെരഞ്ഞെടുപ്പു നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) മത്സ്യത്തൊഴിലാളി ക്ഷേമസംഘങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് 1985 സെപ്തംബർ മാസത്തിനു മുൻപായി നടത്താൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സമരസമിതിയെ അറിയിച്ചിട്ടുണ്ട്.

കടലിൽപോയി അപകടമരണം സംഭവിച്ച മത്സ്യത്തൊഴിലാളികൾ

368 [400] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടലിൽ പോയി അപകട മരണം സംഭവിച്ച മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്;

(സി) ആ ഇനത്തിൽ ചെലവായ തുക എത്ര;

(ഡി) ഇനി എത്ര പേർക്ക് നഷ്ടപരിഹാരം കൊടുക്കാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 489 പേർ

(ബി) 471 കുടുംബങ്ങൾക്ക്

(സി) 46.23 ലക്ഷംരൂപ

(ഡി) 18 കുടുംബങ്ങൾക്ക്

പൊതുമേഖലയിൽ ഒരു ക്ഷീരോൽപ്പന്ന വ്യവസായ സ്ഥാപനം

369 [401] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾ ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ സംസ്ക്കരിച്ചു ക്ഷീരോൽപന്നങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി പൊതുമേഖലയിൽ ഒരു വ്യവസായ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) സഹകരണ മേഖലയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഓപ്പറേഷൻ ഫ്ളഡ്-II പദ്ധതിയനുസരിച്ച് ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ഓരോ ഡയറികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആലപ്പുഴ ഡയറിയിൽ പ്രതിദിനം ഒരു ലക്ഷം ''റെടി ബിക്ക്'' ''ഫ്ളേവേഡ് മിൽക്കു പാക്കറ്റുകളും ഐസ്ക്രീമും ഉൽപ്പാദിപ്പിക്കുന്നതാണ്. തൃശ്ശൂർ ഡയറിയിൽ ആരംഭിക്കുന്ന പാൽപ്പൊടി നിർമ്മാണ യൂണിറ്റിനു പ്രതിദിനം 5 ടൺ സ്ഥാപിതശേഷി ഉണ്ടായിരിക്കുന്നതുമാണ്.

മുത്തുച്ചിപ്പി വളർത്തുകേന്ദ്രം

370 [402] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞത്ത് പ്രവർത്തിക്കുന്ന മുത്തുച്ചിപ്പി വളർത്തു കേന്ദ്രം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

(ബി) പ്രസ്തുതകേന്ദ്രത്തിന്റെ പ്രവർത്തനത്തിന് 30-5-86 വരെ ചെലവായ തുക എത്ര;

(സി) പ്രസ്തുത കേന്ദ്രത്തിൽനിന്നും ലഭിച്ച ആദായം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. 30-10-84 ലെ ജി.ഒ.(എം).എസ്. 117/84/പി. ഡബ്ല്യു. എഫ്. ആൻറ്. പി.ഡി പ്രകാരം വിഴിഞ്ഞത്തെ മുത്തുച്ചിപ്പി വളർത്തു കേന്ദ്രം അടച്ചുപൂട്ടുവാൻ ഉത്തരവാക്കി.

(ബി) 14,58,951.85 രൂപ

(സി) ഉൽപാദിപ്പിച്ച മുത്തുകൾ ഒന്നും വിപണനം ചെയ്തിട്ടില്ല. ടി മുത്തുകൾ വില്ക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly